**തകർച്ചയുടെ വക്കിലെത്തി നിൽക്കുന്ന മുതലാളിത്തത്തിന് പ്രതിസന്ധികളുടെ പരിഹാരമായി പ്രയോഗിച്ച് നോക്കിയ പോയകാല തന്ത്രങ്ങളായ യുദ്ധവും ആയുധക്കച്ചവടവും ഇന്ന് സാധ്യമല്ലാതെയായിരിക്കുന്നു എന്ന്**
**അരുന്ധതി റോയി**

## മുതലാളിത്തം ഒരു പ്രേതകഥ – 5

# ഉരുകിയൊലിക്കുന്ന ആഗോള സമ്പന്നത

നാലാമത് അനുരാധ ഘാണ്ടി അനുസ്മരണത്തിന്റെ ഭാഗമായി 2012 ഫെബ്രുവരി 20ന് അരുന്ധതി റോയ് മുംബെയിൽ നടത്തിയ പ്രഭാഷണം. ഔട്ട്ലുക്ക് മാഗസിൻ പ്രസിദ്ധീകരിച്ച പ്രഭാഷണത്തിന്റെ സമ്പൂർണ്ണ പരിഭാഷ

**പരിഭാഷ: കാര്യാടൻ**

(കഴിഞ്ഞലക്കം തുടർച്ച)

**ഇന്ത്യ** 'തിളങ്ങിയ' ഒരു ചെറിയ ഇടവേളയ്ക്കുശേഷം ഇന്ത്യൻ ദാരിദ്ര്യം 'സ്ലം ഡോഗ് മില്ല്യനയർ' തുടങ്ങിയ സിനിമകളിലൂടെ വീണ്ടും തിരിച്ചു വന്നിരിക്കുന്നു. ഇത്തരം രചനകളുടെ കർത്താക്കൾ ആദ്യകാല നരവംശശാസ്ത്രജ്ഞരെപ്പോലെ ഈ സമകാലീന ലോകത്ത് ജീവിക്കുന്നവരാണ് ഈ കഥകളുടെയൊക്കെ എഴുത്തുകാർ. 'മണ്ണിൽ പണിയെടുക്കുന്നതിന്റെ' പേരിലും അജ്ഞാത നിഗൂഢമേഖലകളിലേയ്ക്ക് ധീരസവാരി നടത്തിയതിന്റെ പേരിലും ഇവർ കയ്യടി നേടുന്നുണ്ട്. പണക്കാരെ ഇതേപോലെ സൂക്ഷ്മമായി വിശകലനം ചെയ്യുന്നത് നാം കാണുന്നില്ല.


ഗവൺമെന്റുകളെ, രാഷ്ട്രീയപാർട്ടികളെ, തെരഞ്ഞെടുപ്പുകളെ, കോടതികളെ, മാധ്യമങ്ങളെ, പൊതുജനാഭിപ്രായങ്ങളെ എല്ലാം എങ്ങിനെ നിയന്ത്രിക്കണമെന്നതിനുള്ള വ്യക്തമായ രീതികൾ കണ്ടെത്തിയെങ്കിലും നിയോലിബറൽ വ്യവസ്ഥാപിതത്വത്തിന് മുന്നിൽ ഒരു പുതിയ വെല്ലുവിളി അവശേഷിക്കുകയാണ്. വർദ്ധിച്ചുവരുന്ന ജനരോഷം എങ്ങിനെ നേരിടും? ജനകീയശക്തിയെ എങ്ങിനെ കൈകാര്യം ചെയ്യും? വന്യമായ ജനവികാരം എങ്ങിനെ ഇണക്കിയെടുക്കും? പ്രക്ഷോഭകരെ എങ്ങിനെ കുറിഞ്ഞിപ്പൂക്കളാക്കും? ക്ഷോഭിച്ച ജനതയുടെ വികാരം നിർവ്വീര്യമാക്കി എങ്ങിനെ കണ്ണുപൊട്ടന്മാരായ അനുയായികളാക്കിമാറ്റും? എന്നതാണ് ആ വെല്ലുവിളി.

ഇവിടെയും ഫൗണ്ടേഷനുകൾക്കും അവരുടെ പിണിയാളുകളായ സംഘടനകൾക്കും മാതൃകകൾ കണ്ടെത്താവുന്ന ചരിത്രപാരമ്പര്യമുണ്ട്. അറുപതുകളിലെ അമേരിക്കയിലെ കറുത്തവരുടെ അവകാശ സമര പ്രസ്ഥാനം തന്നെ ഉദാഹരണം. 1960 കളിലായിരുന്നു അത്. കറുത്ത ശക്തിയെ കറുത്ത മുതലാളിത്തമാക്കി മാറ്റിയ മാന്ത്രികവിദ്യ.

ജെ.ഡി. റോക്ഫെല്ലറുടെ ആശയങ്ങൾക്കനുസൃതമായി, റോക്ക്ഫെല്ലർ ഫൗണ്ടേഷൻ മാർട്ടിൻ ലൂതർ കിംഗ് സീനിയറിനോട് ഒത്തുചേർന്നു പ്രവർത്തിച്ചു.

വിദ്യാർത്ഥികളുടെ അക്രമരഹിത ഏകോപന സമിതി, ബ്ലാക് പാന്തേർസ്, സ്റ്റുഡന്റ് നോൺ വയലന്റ് കോ-ഓർഡിനേറ്റിങ്ങ് കമ്മിറ്റി (SNCE) തുടങ്ങിയ കൂടുതൽ രണോത്സുകമായ സംഘടനകൾ രംഗത്തെത്തിയതോടെ കിംഗിന്റെ സ്വാധീനം കുറഞ്ഞു. ഫോർഡ്-റോക്ഫെല്ലർ ഫൗണ്ടേഷനുകൾ പ്രവർത്തനനിരതരായി. 1970ൽ 15 ശതകോടി ഡോളർ മിതവാദികളായ കറുത്തവർഗ്ഗക്കാരുടെ സംഘടനകൾക്ക് അവർ സംഭാവന ചെയ്തു. സ്കൂളിൽ നിന്ന് കൊഴിഞ്ഞു പോയവർക്കായി തൊഴിൽ പരിശീലനം, മറ്റുള്ളവർക്ക് ഫെല്ലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ, കറുത്തവരുടെ കച്ചവടസ്ഥാപനങ്ങൾക്ക് കടം... അർഹിക്കാത്ത പണത്തിനായുള്ള സ്വാഭിമാനം വെടിഞ്ഞ അലച്ചിൽ. തൊഴുത്തിൽ കുത്തിനൊപ്പം ധനസഹായമെന്ന തേൻകനികൂടിയായപ്പോൾ പരിവർത്തനവാദികളായ കറുത്തവർഗ്ഗക്കാരുടെ സംഘടനകൾ ക്രമേണ ദുർബ്ബലമാവുകയും നിഷ്ക്രിയമാവുകയും ചെയ്തു.

മാർട്ടിൻ ലൂതർ കിംഗ് ജൂനിയർ, മുതലാളിത്തവും വർണ്ണവെറിയും വിയറ്റ്നാം യുദ്ധവുമായി അവിശുദ്ധ ബന്ധം സ്ഥാപിച്ചു. അങ്ങനെ കൊല്ലപ്പെട്ടതിന് ശേഷവും അദ്ദേഹത്തിന്റെ ഓർമ്മ പൊതുവ്യവസ്ഥയ്ക്ക് വിഷലിപ്തമായ വെല്ലുവിളിയായി. വിപണിയോട് സൗഹൃദം പുലർത്തുന്ന ഒന്നായി കിംഗിന്റെ പരിവേഷം പൊളിച്ചെടുക്കാൻ ഫൗണ്ടേഷനുകളും കോർപ്പറേഷനുകളും കഠിനാദ്ധ്വാനം ചെയ്തു. രണ്ട് ശതകോടി ഡോളർ മൂലധനത്തോടെ, മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ സെന്റർ ഫോർ നോൺ വയലന്റ് സോഷ്യൽ ചെയിഞ്ച് ആരംഭിച്ചു. സഹായിച്ചവർ: ഫോർഡ് മോട്ടോർ കമ്പനി, ജനറൽ മോട്ടോഴ്സ്, മെസിൽ, വെസ്റ്റേൺ ഇലക്ട്രിക്, പ്രോക്ടർ ആന്റ് ഗാംബിൾ, യു.എസ്. സ്റ്റീൽ, മൊൺസാന്റോ. ഈ സ്ഥാപനമാണ് കിംഗ് ലൈബ്രറിയും സിവിൽ റൈറ്റ്സ് ആർക്കൈവ്സും നടത്തുന്നത്. കൂടാതെ അമേരിക്കൻ ഡിഫൻസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് പട്ടാളത്തിന് വേണ്ടിയും പ്രോജക്റ്റുകൾ ചെയ്യുന്നു. മാർട്ടിൻ ലൂഥർ കിംഗ് ജൂനിയറിന്റെ പേരിൽ അറിയപ്പെടുന്ന പ്രഭാഷണ പരമ്പരയുടെ സംഘാടകരും ഈ കേന്ദ്രം തന്നെയാണ്. പ്രഭാഷണത്തിന്റെ വിഷയമാണ് കൗതുകകരം. 'സ്വതന്ത്രസ്ഥാപന വ്യവസ്ഥ: അക്രമരഹിതമായ സാമൂഹിക പരിവർത്തനത്തിന് ഒരു മാർഗ്ഗം'. ആമേൻ.



ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചനത്തിനെതിരെയുള്ള പോരാട്ടത്തിലും സമാനമായ അട്ടിമറി നടന്നിട്ടുണ്ട്. 1978ൽ ദക്ഷിണാഫ്രിക്കയോടുള്ള അമേരിക്കൻ നയത്തെപ്പറ്റി പഠിക്കാൻ റോക് ഫെല്ലർ ഫൗണ്ടേഷൻ, ഒരു പഠന കമ്മീഷൻ സംഘടിപ്പിച്ചു. ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ മേൽ (ANC) സോവിയറ്റ് യൂണിയന് ഏറിവരുന്ന സ്വാധീനത്തെക്കുറിച്ച് അവരുടെ റിപ്പോർട്ട് മുന്നറിയിപ്പ് നല്കി. എല്ലാ വംശത്തിൽപ്പെട്ടവരും തമ്മിൽ മാന്യമായി അധികാരം പങ്കുവെച്ചാൽ മാത്രമേ ആഫ്രിക്കയിലെ ധാതുനിക്ഷേപമടക്കമുള്ള അമേരിക്കൻ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടൂ എന്നും പഠന റിപ്പോർട്ട് കണ്ടെത്തി. ഫൗണ്ടേഷനുകൾ ANC യെ സഹായിക്കാൻ തുടങ്ങി. ക്രമേണ സ്റ്റീവ് ബിക്കോവിന്റെ 'ബ്ലാക് കോൺഷ്യസ്നെസ് മൂവ്മെന്റ്' അടക്കമുള്ള റാഡിക്കൽ സംഘടനകൾക്കെതിരെ ANC തിരിയുകയും അവയെ ഏറെക്കുറെ തുടച്ചുനീക്കുകയും ചെയ്തു. നെൽസൺ മണ്ടേല പ്രസിഡന്റായപ്പോൾ, ആദ്യത്തെ കറുത്തവർഗ്ഗക്കാരനായ പ്രസിഡന്റും വിശുദ്ധനുമായി അദ്ദേഹത്തെ വാഴ്ത്തപ്പെട്ടത് 27 വർഷം ജയിലിൽ കിടന്നത് കൊണ്ട് മാത്രമല്ല, വാഷിംഗ്ടൺ താല്പര്യങ്ങൾക്ക് പൂർണ്ണമായും വഴങ്ങിയതുകൊണ്ട് കൂടിയാണ്. സോഷ്യലിസം ANCയുടെ അജണ്ടയിൽ നിന്നും അപ്രത്യക്ഷമായി. കൊട്ടിഘോഷിക്കപ്പെട്ട 'സമാധാനപരമായ അധികാരകൈമാറ്റം' നടന്നു. ഭൂപരിഷ്കരണമുണ്ടായില്ല. ദക്ഷിണാഫ്രിക്കൻ മൈനുകൾ ദേശസാൽക്കരിക്കപ്പെട്ടില്ല.

**നെൽസൺ മണ്ടേല പ്രസിഡന്റായപ്പോൾ, ആദ്യത്തെ കറുത്തവർഗ്ഗക്കാരനായ പ്രസിഡന്റും വിശുദ്ധനുമായി അദ്ദേഹത്തെ വാഴ്ത്തപ്പെട്ടത് 27 വർഷം ജയിലിൽ കിടന്നത് കൊണ്ട് മാത്രമല്ല, വാഷിംഗ്ടൺ താല്പര്യങ്ങൾക്ക് പൂർണ്ണമായും വഴങ്ങിയതുകൊണ്ട് കൂടിയാണ്**

പകരം സ്വകാര്യവത്ക്കരണങ്ങൾ തകൃതിയായി നടന്നു. ദക്ഷിണാഫ്രിക്കയിലെ ഏറ്റവും വലിയ അവാർഡ്- ഓർഡർ ഓഫ് ഗുഡ് ഹോപ് - ഇന്തോനേഷ്യയിലെ കമ്മ്യൂണിസ്റ്റുകളുടെ ഘാതകനായ ജനറൽ സുഹാർത്തോവിന് സമർപ്പിച്ചുകൊണ്ട് മണ്ടേല തന്റെ പഴയ സുഹൃത്തിനെ ആദരിച്ചു. മെർസിഡസിൽ പറക്കുന്ന വിപ്ലവകാരികളും തൊഴിലാളിനേതാക്കളുമാണ് ഇന്ന് ദക്ഷിണാഫ്രിക്ക ഭരിക്കുന്നത്. കറുത്ത വിമോചനം (Black Liberation) എന്ന മിഥ്യാ സങ്കൽപ്പനത്തിന് ഇതൊക്കെ ധാരാളം. അമേരിക്കൻ നീഗ്രോകളുടെ കറുത്ത ശക്തിയുടെ ഉദയവും ശാക്തീകരണവും ഇന്ത്യയിലെ ദളിത് സംഘടനകൾക്ക് ഉത്തേജനം നല്കി. അമേരിക്കയിലെ ബ്ലാക് പാന്തേഴ്സിനെപ്പോലെ രണോ

ത്സുക രാഷ്ട്രീയത്തെ അതേപടി പ്രതിഫലിപ്പിക്കുന്നതായിരുന്നു ഇന്ത്യയിലെ ദളിത് പാന്തേഴ്സ്. എന്നാൽ കറുത്ത ശക്തിയെപോലെ ദളിത്ശക്തിയും ഫോർഡ് ഫൗണ്ടേഷന്റേയും വലത് പക്ഷ ഹിന്ദുസംഘടനകളുടേയും സഹായമേറ്റുവാങ്ങി. ആവേശമടങ്ങിയ ഒരു 'ദളിത് മുതലാളിത്തമായി' അത് രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ ഡിസംബറിൽ ഇന്ത്യൻ എക്സ്പ്രസ് പത്രത്തിൽ വന്ന ഒരു തലക്കെട്ട് ഇങ്ങനെയായിരുന്നു. 'ദളിത് ഇൻകോർപ്പറേറ്റഡ്: കച്ചവടത്തിന് ജാതിയെ തറപറ്റിക്കാനാവും' ദളിത് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രിയുടെ ഒരു പ്രധാനിയെ ഉദ്ധരിച്ചുകൊണ്ട് പത്രം എഴുതി, 'ദളിത് സമ്മേളനങ്ങൾക്ക് പ്രധാനമന്ത്രിയെ ക്ഷണിച്ചാൽ കിട്ടാൻ വിഷമമില്ല. എന്നാൽ ടാറ്റായും ബിർളയുമായി ഫോട്ടോ എടുക്കാൻ അവസരം കിട്ടുന്ന ദളിത് സംരംഭകർക്ക് അതൊരു പ്രചോദനം തന്നെ.' ഇതാണ് യഥാർത്ഥ പ്രചോദനമെങ്കിൽ ദളിതരാഷ്ട്രീയ ചട്ടക്കൂടിന്റെ പ്രത്യയശാസ്ത്രപരമായ സ്ഥിതി സഹതാപാർഹം തന്നെ. ഒരു കോടിയോളം വരുന്ന, തോട്ടിപ്പണി ചെയ്തു ജീവിക്കുന്ന ദളിതരുടെ പ്രത്യാശക്ക് ഇതൊട്ടും സഹായകമാവില്ല.

ഫോർഡ് ഫൗണ്ടേഷന്റെ സഹായം ലഭിക്കുന്ന ചെറുപ്പക്കാരായ ദളിത് പണ്ഡിതരെ കുറ്റപ്പെടുത്താനാവില്ല. വേറെ ആരാണവരെ ഇന്ത്യൻ ജാതിവ്യവസ്ഥയുടെ കടമ്പകൾ ചാടിക്കടക്കുവാൻ സഹായിക്കുക? പ്രകടമായും മേൽജാതിക്കാരാൽ നയിക്കപ്പെടുന്ന കമ്മ്യൂണിസ്റ്റ് പാർട്ടികളാണ് ഈ നാണക്കേടിനുത്തരവാദികൾ. പഴിപറയേണ്ടതും അവരെത്തന്നെ. വർഷങ്ങളായി, ജാതിവ്യവസ്ഥയെ മാർക്സിസ്റ്റ് രീതിയിലുള്ള വർഗ്ഗസമരമായി വ്യാഖ്യാനിക്കാൻ ശ്രമിച്ച് തത്വത്തിലും പ്രയോഗത്തിലും അവർ അമ്പേ പരാജയപ്പെട്ടിരിക്കുകയാണ്. ദളിതസമൂഹവും ഇടതുപക്ഷവുമായുള്ള അകൽച്ച, ക്രാന്തദർശിയായ അംബേദ്കറും തൊഴിലാളി നേതാവ് ഡാങ്കേയും തമ്മിലുണ്ടായ വിയോജിപ്പുകളിൽ നിന്നാണ് ആരംഭിക്കുന്നത്. 1928 ലെ തുണിമിൽ തൊഴിലാളികളുടെ സമരത്തിൽ തൊഴിലാളിവർഗ്ഗസാഹോദര്യമെന്നത് വെറും അധരവ്യായാമമാണെന്ന് അംബേദ്കർ തിരിച്ചറിഞ്ഞു. കാരണം തൊട്ടുകൂടാത്ത ദളിതന്മാരെ നെയ്ത്തുജോലിയിൽനിന്ന് അകറ്റി നിർത്തിയതിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയോ അതിന്റെ സ്ഥാപകനേതാവ് ഡാങ്കേയോ തെറ്റൊന്നും കണ്ടില്ല. നെയ്ത്ത് ജോലി ചെയ്യുന്നവർ നൂലുകൾ നന്നാക്കുന്നതിനായി സ്വന്തം ഉമിനീർ ഉപയോഗിക്കുമായിരുന്നു. നെയ്ത്ത് ജോലിക്കിടെ ദളിതൻ അങ്ങനെ തുപ്പൽ തൊടുന്നത് മറ്റ് ജോലിക്കാർക്ക് അറപ്പായിരുന്നു. അതുകൊണ്ടുതന്നെ അവരെ നെയ്ത്ത് വിഭാഗത്തിൽ നിന്നും ഒഴിവാക്കി നിർത്തിയിരുന്നു.

ഹിന്ദുഗ്രന്ഥങ്ങൾ സ്ഥാപനവൽക്കരിച്ച തൊട്ടുകൂടായ്മയും അസമത്വവും ഉന്മൂലനം ചെയ്ത്, സാമൂഹിക നീതി ഉറപ്പാക്കുന്നതിനുള്ള പോരാട്ടം നടത്തുകയാണ് വേണ്ടതെന്നും കമ്യൂണിസ്റ്റ് വിപ്ലവത്തിന് കാത്തുനില്ക്കേണ്ടതില്ലെന്നും അംബേദ്കർ തിരിച്ചറിഞ്ഞു. അംബേദ്കർ പക്ഷക്കാരും ഇടതുപക്ഷവും തമ്മിലുള്ള പോരിന് രണ്ട് പക്ഷവും വൻവില കൊടുക്കേണ്ടിവന്നു. അതുകൊണ്ടെന്തുണ്ടായി? ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ മഹാഭൂരിപക്ഷമായ ദളിതർ എല്ലാ പ്രതീക്ഷകളും ഭരണഘടനയിലും (അംബേദ്കറുടെ) മുതലാളിത്തത്തിലും അർപ്പിച്ചു. അങ്ങനെ ബി.എസ്.പിയെപ്പോലെ താല്ക്കാലിക പ്രസക്തിയുള്ള, എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ നോക്കുമ്പോൾ മുരടിപ്പുബാധിച്ച സ്വത്വരാഷ്ട്രീയം പ്രയോഗിക്കുന്ന രാഷ്ട്രീ പാർട്ടികളിൽ അവർ വിശ്വാസമർപ്പിച്ചു.

അമേരിക്കയിൽ കോർപറേറ്റ് ധനസഹായത്തിലുള്ള ഫൗണ്ടേഷനുകളുടെ ഒത്താശയോടെ എൻ.ജി.ഒകൾ പെറ്റ് പെരുകിയതായി നാം കണ്ടു. 1990ലെ പുത്തൻ സാമ്പത്തികനയങ്ങളുടെ കാലത്താണ് ഇന്ത്യയിൽ കോർപറേറ്റ് സൗമനസ്യം ഉദിച്ചുയർന്നത്. നക്ഷത്രകൊട്ടാരത്തിലേക്കുള്ള അംഗത്വം വെറുതേ കിട്ടില്ല. 50 ദശലക്ഷം ഡോളർ ഹാർവാർഡ് ബിസിനസ്സ് സ്കൂളിനും 50 ദശലക്ഷം കോർണൽ സർവ്വകലാശാലക്കും കൊടുത്താണ് ടാറ്റാ ഗ്രൂപ്പ് അതിൽ അംഗത്വം നേടിത്. നന്ദൻ നിലേകനിയും ഭാര്യയും (ഇൻഫോസിസ്) അഞ്ച് ദശലക്ഷം ഡോളർ തുടക്കമെന്ന നിലയിൽ യേലിലെ (യൂണിവേഴ്സിറ്റി) ഇന്ത്യാ ഇനീഷ്യേറ്റീവിന് കൈമാറി. മഹീന്ദ്രാ ഗ്രൂപ്പിലെ ആനന്ദ് മഹീന്ദ്രയിൽ നിന്ന് 10 ദശലക്ഷം ഡോളർ ലഭിച്ചതോടെ ഹാർവാർഡ് ഹ്യുമാനിറ്റീസ് സെന്റർ ഇപ്പോൾ മഹീന്ദ്രാ ഹുമാനിറ്റീസ് സെന്റർ ആയി രൂപാന്തരപ്പെട്ടു.

ഖനനത്തിലും ലോഹ-വൈദ്യുതി മേഖലകളിലും നിക്ഷേപങ്ങളുള്ള ജിൻഡാൽ ഗ്രൂപ്പ്, ജിൻഡാൽ നിയമവിദ്യാലയം നടത്തുന്നു. അടുത്തുതന്നെ ജിൻഡാൽ സ്കൂൾ ഓഫ് ഗവൺമെന്റ് ആന്റ് പബ്ലിക് പോളിസി ഉടൻ ആരംഭിക്കും. (കോംഗോയിൽ ഒരു നിയമവിദ്യാലയം നടത്തുന്നത് ഫോർഡ് ഫൗണ്ടേഷനാണ്). ഇൻഫോസിസിന്റെ സഹായത്തോടെ നന്ദൻ നിലേകനി നടത്തുന്ന ദി ന്യൂ ഇന്ത്യാ ഫൗണ്ടേഷൻ സാമൂഹ്യശാസ്ത്രജ്ഞർക്ക് ഫെല്ലോഷിപ്പുകളും പാരിതോഷികങ്ങളും നല്കുന്നു. ഗ്രാമോദ്ധാരണത്തിനും, ദാരിദ്ര്യനിർമ്മാർജ്ജനത്തിനും പരിസ്ഥിതി വിദ്യാഭ്യാസത്തിനും മറ്റും പ്രവർത്തിക്കുന്നവക്കായി ഒരു കോടിയുടെ അഞ്ച് പുരസ്കാരങ്ങൾ സിതാറാം ജിൻഡാൽ ഫൗണ്ടേഷൻ (ജിൻഡാൽ അലുമിനിയത്തിന്റെ ധനസഹായത്തോടെ) പ്രഖ്യാപിച്ചിരിക്കുന്നു. റോക്ഫെല്ലർ ഫൗണ്ടേഷന്റെ അച്ചിലാണ് മുകേഷ് അംബാനിയുടെ ഒബ്സർവർ റിസർച്ച് ഫൗണ്ടേഷൻ (ORF) വാർത്തിരിക്കുന്നത്. റോ പോലുള്ള സർക്കാർ സംവിധാനങ്ങളിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരും, രാഷ്ട്രീയ നയതന്ത്രജ്ഞരും (പാർലമെന്റിൽ പരസ്പരം കടിച്ചുകീറുന്നവർ), പത്രക്കാരും, നയരൂപീകരണക്കാരുമൊക്കെ ഈ ഫൗണ്ടേഷന്റെ ഉപദേശകരും 'ഫെല്ലോസും' ആകുന്നു.

ORFന്റെ ലക്ഷ്യങ്ങൾ വളരെ ലളിതമായിത്തോന്നാം. സാമ്പത്തികപരിഷ്കരണങ്ങൾക്ക് അനുകൂലമായ പൊതുജനാഭിപ്രായം രൂപീകരിക്കുക, പിന്നോക്ക പ്രദേശങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ആണവ - രാസ - ജൈവായുധങ്ങളുടെ വെല്ലുവിളികളെ നേരിടാനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പ്രായോഗിക ബദൽ നിർദേശങ്ങൾ ആവിഷ്കരിച്ച് പൊതുജനാഭിപ്രായത്തെ സ്വാധീനിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുക എന്നിവയാണ് അതിന്റെ ലക്ഷ്യങ്ങൾ. ആണവ-രാസ - ജൈവായുധങ്ങളെക്കുറിച്ച് പറയുന്നതുകണ്ടപ്പോൾ ആദ്യം ഞാൻ അമ്പരന്നുപോയി. ORFന്റെ പങ്കാളിക

ളുടെ ലിസ്റ്റ് വായിച്ചപ്പോൾ അമ്പരപ്പ് മാറി. ലോകത്തിലെ ഏറ്റവും വലിയ ആയുധനിർമ്മാതാക്കളായ റെയ്ത്തിയോണും ലോക്ഹീഡ് മാർട്ടിനും അവരുടെ പങ്കാളി ലിസ്റ്റിൽ പെടുന്നു. റെയ്ത്തിയോൺ അവരുടെ പ്രവർത്തനം ഇന്ത്യയിലേക്ക് തിരിക്കുന്നുവെന്ന് 2007ൽ പ്രഖ്യാപിച്ചിരുന്നു. 32 സഹസ്രകോടി ഡോളർ വരുന്ന ഇന്ത്യൻ പ്രതിരോധ ബഡ്ജറ്റിന്റെ ഒരു ഭാഗം തീർച്ചയായും യുദ്ധവിമാനങ്ങൾക്കും യുദ്ധക്കപ്പലുകൾക്കും ചാരപ്രവർത്തനയന്ത്രങ്ങൾക്കും മിസൈലുകൾക്കും വേണ്ടി ചില വാക്കേണ്ടിവരും. അതിൽ ഒരു പങ്കെങ്കിലും റെയ്ത്തിയോണും ലോക്ഹീഡ് മാർട്ടിനും ഉൽപാദിച്ചതാകണം എന്നതാണ് അവരുടെ ഉദ്ദേശം.

യുദ്ധം ചെയ്യാൻ നമുക്ക് ആയുധം വേണോ? അതോ ആയുധക്കച്ചവടം ത്വരിതപ്പെടുത്താൻ നമുക്ക് യുദ്ധം വേണോ? യൂറോപ്പ്, അമേരിക്ക, ഇസ്രായേൽ എന്നിവിടങ്ങളിലെ സമ്പദ്‌വ്യവസ്ഥ ആയുധവ്യവസായത്തിൽ അധിഷ്ഠിതമാണ്. ആ ഒരു മേഖല മാത്രം മറ്റ് പുറം ജോലികൾ പോലെ അവർ ചൈനയ്ക്ക് കൈമാറിയിട്ടില്ല.

റഷ്യയുമായുള്ള ശീതയുദ്ധകാലത്ത് അമേരിക്ക പാക്കിസ്ഥാനെ ഉപയോഗിച്ചപ്പോലെ, ചൈനയുമായുള്ള നവ ശീതയുദ്ധത്തിൽ ഒരു ആശ്രിതനായി ഇന്ത്യയെ പരുവപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. (പാക്കിസ്ഥാന് എന്ത് സംഭവിച്ചു എന്ന് ശ്രദ്ധിക്കുക) ഇന്ത്യയും ചൈനയുമായുള്ള ശത്രുതക്ക് വളമിടുന്ന ലേഖകരും 'തന്ത്രങ്ങൾ ആവിഷ്കരിക്കുന്നവരും' നേരിട്ടോ അല്ലാതെയോ ഫൗണ്ടേഷനുകളുടെ ഇന്തോ അമേരിക്കൻ ബുദ്ധിശാലികളിൽപ്പെട്ടവരാണെന്ന് അന്വേഷിച്ചാൽ കണ്ടെത്താം. അമേരിക്കയുടെ തന്ത്രപരമായ പങ്കാളി എന്ന് വെച്ചാൽ പരസ്പരം സൗഹൃദഫോൺവിളികൾ നടത്തുന്ന രാഷ്ട്രത്തലവന്മാർ എന്നർത്ഥമില്ല. എല്ലാനിലക്കും സഹകരിക്കുന്നവർ (ഇടപെടുന്നവർ) എന്നാണ് ആ വാക്കിനർത്ഥം. അതിനർത്ഥം ഇന്ത്യൻ മണ്ണിൽ അമേരിക്കൻ സേനയെ കുടി




**ബൂർഷ്വാസികൾ എന്തുതന്നെ ഉത്പാദിപ്പിച്ചാലും അവസാനം അവരുടെ തന്നെ ശവക്കുഴി തോണ്ടലിലെത്തും. മുതലാളിത്തത്തിന്റെ വീഴ്ചയും അധഃസ്ഥിതരുടെ വിജയവും ഒഴിവാക്കാനാവില്ല**

പാർപ്പിക്കുമെന്നാണ്, രഹസ്യവിവരങ്ങൾ കൈമാറുമെന്നാണ്, കാർഷിക ഊർജ്ജനയങ്ങൾ തിരുത്തുമെന്നാണ്, വിദ്യാഭ്യാസ ആരോഗ്യ മേഖലകൾ തുറന്നിട്ടുകൊടുക്കുമെന്നാണ്. അതിനർത്ഥം പുണരാനും ഒന്നിച്ച് നൃത്തം ചെയ്യാനും ഇന്ത്യ തയ്യാറാവുന്നിടത്തോളം അടുത്തുനിർത്തുമെന്നും വിസമ്മതിച്ചാൽ ചുട്ടുചാമ്പലാക്കുമെന്നുമാണ്. ഒട്ടും തുല്യതയില്ലാത്ത പങ്കാളിത്തം.


ORFന്റെ പങ്കാളികളുടെ ലിസ്റ്റിലുള്ളവർ : റാന്റ് കോർപറേഷൻ, ലോക ബാങ്ക്, ഫോർഡ് ഫൗണ്ടേഷൻ, ബ്രൂക്സ് ഇൻസ്റ്റിറ്റ്യൂഷൻ (അവരുടെ മൂന്ന് പ്രഖ്യാപിത ലക്ഷ്യങ്ങൾ: 1. അമേരിക്കൻ ജനാധിപത്യത്തെ ശക്തിപ്പെടുത്തുക 2. അമേരിക്കക്കാർക്കെല്ലാം സുരക്ഷിതത്വവും അവസരങ്ങളുമൊരുക്കി സാമ്പത്തിക സാമൂഹികനേട്ടങ്ങൾ കൈവരിക്കുക. 3. തുറന്ന, അഭിവൃദ്ധിയിലൂന്നിയ സുരക്ഷിതമായ സാർവ്വദേശീയ വ്യവസ്ഥ ഉറപ്പാക്കുക). ജർമ്മനിയിലെ റോസാ ലക്സംബർഗ് ഫൗണ്ടേഷനും ലിസ്റ്റിലുണ്ട്. (പാവം റോസ. കമ്യൂണിസത്തിന് വേണ്ടി ജീവത്യാഗം ചെയ്ത അവർ ഓർക്കപ്പെടുന്നത് ഇത്തരം ഒരു കൂട്ടായ്മയിലൂടേയും!).

മുതലാളിത്തം മത്സരങ്ങളിലധിഷ്ഠിതമാണ്. പക്ഷെ ഭക്ഷ്യവിതരണശൃംഖലയിലെ മുകളിലുള്ളവർ മത്സരമൊഴിവാക്കി ഏകോപിച്ച് പോകാൻ കെൽപ്പുള്ളവരാണ്. പടിഞ്ഞാറിന്റെ മുതലാളിത്തക്കാർ ഫാസിസ്റ്റുകളുമായും പട്ടാള ഏകാധിപതികളുമായും സോഷ്യലിസ്റ്റുകളുമൊക്കെ ഇടപാടുകൾ നടത്തുന്നവരാണ്. അവർക്ക് ഓന്തിനെപ്പോലെ നിറംമാറാം. ഏത് സാഹചര്യങ്ങളുമായി എളുപ്പത്തിൽ പൊരുത്തപ്പെടാം. അവർക്ക് നല്ല ധാരണാശേഷിയുണ്ട്, തന്ത്രമുണ്ട്, കൗശലവുമുണ്ട്.

എന്നാൽ സാമ്പത്തികപരിഷ്കരണങ്ങളിലൂടെ കരുത്ത് നേടിയിട്ടുണ്ടെങ്കിലും, യുദ്ധം നടത്തി, കയ്യേറി, മറ്റ് രാജ്യങ്ങളെ 'സ്വതന്ത്രരും' 'ജനായത്തക്കാരും' ആക്കിയിട്ടുണ്ടെങ്കിലും മുതലാളിത്തം കടുത്ത പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. എത്രമാത്രം സങ്കീർണമായ പ്രതിസന്ധിയാണതെന്ന് പുറത്തറിഞ്ഞിട്ടില്ല. മാർക്സ് പറഞ്ഞിട്ടുണ്ടല്ലോ, "ബൂർഷാസികൾ എന്തുതന്നെ ഉത്പാദിപ്പിച്ചാലും അവസാനം അവരുടെ തന്നെ ശവക്കുഴി തോണ്ടലിലെത്തും. മുതലാളിത്തത്തിന്റെ വീഴ്ചയും അധഃസ്ഥിതരുടെ വിജയവും ഒഴിവാക്കാനാവില്ല."

അധഃസ്ഥിത വർഗ്ഗങ്ങൾ നിരന്തരം ആക്രമിക്കപ്പെടുന്നതായി മാർക്സ് തിരിച്ചറിഞ്ഞു. ഫാക്ടറികൾ അടച്ചുപൂട്ടി, ജോലി സാധ്യതയില്ലാതാക്കി, തൊഴിലാളി സംഘടനകളെ തകർത്ത്, കാലാകാലങ്ങളിൽ അവർ പരസ്പരം

**കാർട്ടൂൺ** **അഭിലാഷ്**




കൊമ്പുകോർക്കേണ്ട അവസ്ഥ സൃഷ്ടിക്കപ്പെട്ടുകൊണ്ടിരുന്നു. ഇന്ത്യയിൽ അത് ഹിന്ദുവും മുസ്ലീമും തമ്മിലും ഹിന്ദുവും ക്രിസ്ത്യാനിയും തമ്മിലും ദളിതനും ആദിവാസിയും തമ്മിലും ജാതിയും ജാതിയും തമ്മിലും ദേശവും ദേശവും തമ്മിലുമൊക്കെയുള്ള സംഘർഷങ്ങളായി തുടരുന്നു. എങ്കിലും ലോകത്തെല്ലായിടത്തും അവർ ചെറുത്ത് നിൽക്കുന്നുണ്ട്. ചൈനയിൽ ഒരുപാട് സമരങ്ങളും മുന്നേറ്റങ്ങളും ഉണ്ടാവുന്നുണ്ട്. ഇന്ത്യയിൽ ലോകത്തിലെ ഏറ്റവും ദരിദ്രരായ ജനത ഏറ്റവും സമ്പന്നമായ കോർപ്പറേഷനുകൾക്കെതിരെ വിജയകരമായി സമരം ചെയ്ത് അവരുടെ പദ്ധതികളെ കെട്ടുകെട്ടിച്ചിട്ടുണ്ട്.

മുതലാളിത്തം പ്രശ്നങ്ങൾക്ക് നടുവിലാണ്. ലളിതവൽക്കരിച്ച് പ്രശ്നപരിഹാരം കണ്ടെത്താനുള്ള ശ്രമം പരാജയപ്പെട്ടു. ഭഗീരഥ പ്രയത്നത്തിലൂടെ പരിഹരിക്കാനുള്ള ശ്രമവും തകർന്നുകൊണ്ടിരിക്കുന്നു. സാർവ്വദേശീയ സാമ്പത്തിക സംവിധാനം ഉരുകിയൊലിക്കുന്നു (financial meltdown). ഇന്ത്യയുടെ വളർച്ചാനിരക്ക് 6.9 ശതമാനത്തിലേക്ക് മൂക്കുകുത്തിവീണു. വിദേശനിക്ഷേപങ്ങൾ പിൻവാങ്ങിത്തുടങ്ങി. പ്രമുഖ കോർപറേഷനുകൾ പണകൂമ്പാരത്തിന്റെ മുകളിലാണിരിപ്പ്. എവിടെ നിക്ഷേപിക്കും എന്നവർക്കറിയില്ല. സാമ്പത്തികപ്രതിസന്ധി എങ്ങനെ/എവിടെയെത്തിനില്ക്കുമെന്നും അറിയില്ല. ഇതൊരു ഭീകരമായ, അടിസ്ഥാനപരമായ വിള്ളലാണ്. ലോക മൂലധനവ്യവസ്ഥിതിയിലെ വിള്ളൽ.

മുതലാളിത്തത്തിന്റെ ശവക്കുഴി തോണ്ടുന്നവർ അവസാനം അതിന്റെ തന്നെ ബാധയേറ്റ് കർദ്ദിനാളുമാരായി മാറാം. ആശയങ്ങളെ മതമാക്കിമാറ്റുന്നവർ. മികവുറ്റ കൗടില്യമവർക്കുണ്ടെങ്കിലും ലളിതമായ ഒരു കാര്യം മനസ്സിലാക്കാനവർക്ക് ആവുന്നില്ല. മുതലാളിത്തം നമ്മുടെ ഭൂമിയെ നശിപ്പിച്ചുകൊണ്ടിരിക്കയാണ്. പോയകാല പ്രതിസന്ധികളുടെ പരിഹാരമായി പ്രയോഗിച്ച് നോക്കിയ രണ്ട് തന്ത്രങ്ങളുണ്ടല്ലോ - യുദ്ധവും ആയുധക്കച്ചവടവും - അതിനി വിലപ്പോവില്ല.

സൂര്യാസ്തമനവും കണ്ട് ആന്റിലയ്ക്ക് പുറത്ത് ഒരുപാട് സമയം ഞാൻ നിന്നു. ആ ഗോപുരം മുകളിലേക്കുയർന്ന് നില്ക്കുന്നത്ര താഴേക്കുമുണ്ടെന്ന് ഞാൻ മനസ്സിൽ കണ്ടു. ഇരുപത്തേഴ് നില നീളമുള്ള തായ്‌വേര് ഭൂമിയിലേക്കാഴ്ന്നിറങ്ങിയിരിക്കുന്നു. ഭൂമിയിൽനിന്ന് ആർത്തിയോടെ നിലനിൽപ്പിനെ ഊറ്റിവലിച്ചെടുത്ത്, പുകയും സ്വർണ്ണവുമായതിനെ പരിവർത്തനം ചെയ്തുകൊണ്ട്.

എന്തുകൊണ്ടാണ് അംബാനിമാർ ഈ കെട്ടിടത്തെ 'ആന്റില' എന്നു വിളിച്ചത്? എട്ടാം നൂറ്റാണ്ടിലെ ഐബീരിയൻ പഴങ്കഥകളിലെ സാങ്കൽപ്പിക ഇരട്ടദ്വീപുകളുടെ പേരാണ് ആന്റില. മുസ്ലിങ്ങൾ ഹിസ്പാനിയ കീഴടക്കിയപ്പോൾ ആറ് ക്രിസ്ത്യൻ ബിഷപ്പുമാരും അവരുടെ പരിവാരങ്ങളും കപ്പലേറി രക്ഷപ്പെട്ടു. ആഴ്ചകൾ കടലിൽ കഴിഞ്ഞ അവർ ആന്റില ദ്വീപിലെത്തി ഒരു പുതിയ സംസ്കാരം കെട്ടിപ്പടുക്കാൻ ഒരുമ്പെട്ടു. സംസ്കാരരഹിതരാൽ പിടിച്ചടക്കപ്പെട്ട ജന്മനാടുമായി ഒരിക്കലും ബന്ധപ്പെടാതിരിക്കാൻ അവർ അവരുടെ വള്ളങ്ങൾ കത്തിച്ചുകളഞ്ഞു.

അംബാനിമാർ അവരുടെ ഗോപുരത്തിന് ആന്റില യെന്ന് പേരിട്ടത് സ്വന്തം നാടിന്റെ പുഴുത്തനാറ്റത്തോടും ദാരിദ്ര്യത്തോടും വിടപറഞ്ഞ് മറ്റൊരു സംസ്കാരം മിനഞ്ഞെടുക്കാനാണോ? അവർ അവരുടെ വള്ളങ്ങൾ കത്തിച്ചുകളഞ്ഞു; എന്നെന്നേക്കും സംസ്കാരരഹിതരായവരുമായുള്ള സംസർഗ്ഗം മുറിച്ചുകളയാൻ. ഏറ്റവും വലിയ വിജയം നേടിയ ഇന്ത്യയിലെ വിഘടനപ്രസ്ഥാനത്തിന്റെ അവസാന ചെയ്തിയാണോ ഇത്. വിഘടനമെന്നാൽ മധ്യവർഗ്ഗക്കാരും ഉ പരിവർഗ്ഗക്കാരും മണ്ണുമായുള്ള ബന്ധം വിച്ഛേദിച്ച് ബഹിരാകാശത്തേക്ക് സ്വയം വിക്ഷേപിക്കുന്ന പ്രവർത്തനം.

രാത്രിയുടെ തിരശ്ശീല മുംബൈയ്ക്ക് മേൽ വന്നണയവെ, ഉടയാത്ത പരുത്തിവസ്ത്രങ്ങളണിഞ്ഞ്, ശബ്ദിക്കുന്ന വാക്കി-ടോക്കികളുമേന്തി ആന്റിലയുടെ പടിവാതിലുകളിൽ കാവൽക്കാർ അണിനിരന്നു. പ്രേതങ്ങളെ പേടിപ്പിച്ചോടിക്കാൻ വലിയ വെളിച്ചങ്ങൾ പൊട്ടിവിരിഞ്ഞു. ആന്റിലയുടെ കൊടുംവെളിച്ചം തങ്ങളുടെ രാത്രികളെ തട്ടിപ്പറിച്ചെന്ന് അയൽക്കാർ പരാതിപ്പെടുന്നു.

ഒരുപക്ഷെ, കാലൻകുടപോലെ രാത്രികളെ ചുരുട്ടിമടക്കി വെക്കേണ്ട സമയമായിരിക്കുന്നു നമുക്ക്.

*(അവസാനിച്ചു)*